"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് -തിരുവനന്തപുരം സിറ്റി അസിസ്റ്റന്റ് കമ്മീഷണർമാർക്ക് കസേര വാങ്ങുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2604/2024/HOME തീയതി,തിരുവനന്തപുരം, 05-09-2024

---

പരാമർശം:-
1. 08.11.2023 സ.ഉ.(കൈ)നം.166/2023/ധന നമ്പർ സർക്കാർ ഉത്തരവ്.
2. സംസ്ഥാന പോലീസ് മേധാവിയുടെ 24.04.2024ലെ എച്ച്1-75742/2024/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അസിസ്റ്റന്റ് കമ്മീഷണർ, DPCC, അസിസ്റ്റന്റ് കമ്മീഷണർ, നാർക്കോട്ടിക് സെൽ എന്നിവർക്ക് 2 റിവോൾവിംഗ് കസേരകൾ വാങ്ങുന്നതിന് SIDCOയിൽ നിന്നും 28,849/-രൂപയുടെ ഇൻവോയിസ് ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക 2055-00-109-99-00-05-04-N-V എന്ന ശീർഷകത്തിൽ ചെലവഴിച്ച് വാങ്ങുന്നതിന് അനുമതി നൽകണമെന്നും തിരുവനന്തപുരം സിറ്റി ഐ.ജി&കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഫർണിച്ചർ വാങ്ങുന്നതിന് നിലവിൽ വ്യയനിയന്ത്രണം നിലവിലുള്ളതിനാൽ ആയതിൽ ഇളവ് വരുത്തി ഫർണിച്ചർ വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശിത കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അപേക്ഷയിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവിൽ ഇളവ് വരുത്തി, തിരുവനന്തപുരം സിറ്റിയിലെ അസിസിറ്റന്റ് കമ്മീഷണർമാർക്കായി 2 കസേരകൾ (Executive Highback Revolving Chair Special Type) 28,849/-രൂപ (ഇരുപത്തിയെണ്ണായിരത്തി എണ്ണൂറ്റി നാൽപ്പത്തിയൊൻപത് രൂപ മാത്രം) 2055-00-109-99-00-05-04-N-V എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് SIDCOയിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (11.08.2024 ലെ വ്യയം-എ3/332/2024-ധന (2822293) പ്രകാരം).
ഡയറക്ടർ, ഐ & പിആർഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jalaja Kumari M S
Date: 05-09-2024 17:14:58